പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ. 4109 — 20-03-2018 ൽ മറുപടിക്ക്

**<u>കാർഷിക യന്ത്രങ്ങൾ പ്രവർത്തനക്ഷമമാക്കുന്നതിന് ഫാം ഫെസിലിറ്റേഷൻ സെന്ററുകൾ</u>**

<u>ചോദ്യം</u>

ശ്രീ.വി.പി.സജീന്ദ്രൻ

<u>മറുപടി</u>

ശ്രീ.വി.എസ്. സുനിൽകുമാർ

(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കാർഷിക രംഗത്തെ യന്ത്രവത്കരണത്തിന്റെ ഭാഗമായി കൃഷി വകുപ്പ് വാങ്ങിയ കാർഷിക യന്ത്രങ്ങൾ കേടുപാടുകൾ സംഭവിച്ച് കർഷകർക്ക് ഉപയുക്തമാകുന്നില്ലായെന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആവശ്യകത, ഉപയോഗക്ഷമത, അനുയോജ്യമാണോ എന്നത്, എന്നിവ പരിഗണിക്കാതെ വാങ്ങിയ യന്ത്രങ്ങൾ ഉപയോഗിക്കാതെയും ശരിയായി പരിപാലിക്കാതെയും കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് ആയത് സംരക്ഷിക്കുന്നതിനും കർഷകർക്ക് ഉപയോഗ പ്രദമാകുന്ന രീതിയിൽ പുനർവിന്യസിക്കുന്നതിനും നിർദ്ദേശം നല്കിയിട്ടുണ്ട്. കൂടാതെ ഇത്തരം യന്ത്രങ്ങൾ പ്രവർത്തനക്ഷമമാക്കുന്നതിന് ASHA എന്ന പേരിൽ ഒരു Software തയ്യാറാക്കി കർഷകർക്ക് യന്ത്രോപകരണങ്ങൾ ആവശ്യാനുസരണവും ലഭ്യത അനുസരിച്ചും ഉപയോഗിക്കുന്നതിനു നടപടി സ്വീകരിച്ചിട്ടുണ്ട്. കൃഷി വകുപ്പിലെ Custom hiring centre-കൾ, കാർഷിക കർമ്മ സേനകൾ, അഗ്രോ സർവ്വീസ് സെന്ററുകൾ എന്നിവിടങ്ങളിൽ ലഭ്യമായ യന്ത്രോപകരണങ്ങൾ ഇത് വഴി കർഷകർക്ക് ഉപയോഗിക്കാനാകും. കൂടാതെ കാർഷിക കർമ്മസേനകൾ, അഗ്രോ സർവ്വീസ് സെന്ററുകൾ എന്നിവയെ സംസ്ഥാനതലത്തിൽ ഏകോപിപ്പിക്കുന്നതിനായി സംവിധാനം ഒരുക്കുകയും ഇതിനായി ഒരു സ്പെഷ്യൽ ഓഫീസറെ നിയമിച്ചിട്ടുണ്ട്. |
| (ബി) | ഇത്തരം യന്ത്രങ്ങൾ പ്രവർത്തനക്ഷമമാക്കുന്നതിന് ഫാം ഫെസിലിറ്റേഷൻ സെന്ററുകൾ സ്ഥാപിച്ചിട്ടുണ്ടോ; വിശദാംശം നല്കുമോ; | (ബി) | കോട്ടയം ജില്ലയിലെ കോഴ, തൃശ്ശൂർ ജില്ലയിലെ മണ്ണുത്തി, കണ്ണൂർ ജില്ലയിലെ പാലയാട് എന്നിവിടങ്ങളിൽ ഫാം ഫെസിലിറ്റേഷൻ സെന്ററുകൾ ആരംഭിക്കുന്നതിനായി 215 ലക്ഷം രൂപ അനുവദിച്ചു. ഇതിൽ നിന്നും കോട്ടയം ജില്ലയ്ക്ക് 100 ലക്ഷം രൂപയും , തൃശ്ശൂർ ജില്ലയ്ക്ക് 65 ലക്ഷം രൂപയും, കണ്ണൂർ ജില്ലയ്ക്ക് 50 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. ഇതനുസരിച്ച് കെട്ടിട നിർമ്മാണത്തിനും യന്ത്രോപകരണങ്ങൾ വാങ്ങുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | കാർഷിക മേഖലയിലെ തൊഴിൽ വൈദഗ്ധ്യ പരിശീലനത്തിന് കേന്ദ്ര സർക്കാരിന്റെ തൊഴിൽ നൈപുണ്യവകുപ്പ് മുമ്പാകെ സമർപ്പിച്ച പ്രൊപ്പോസലിന് അംഗീകാരം ലഭിച്ചിട്ടുണ്ടോ; വിശദാംശം നല്കുമോ? | (സി) | ഉണ്ട്. കൃഷി രീതികളിലും കാർഷിക യന്ത്രങ്ങളിലും വിദഗ്ധ പരിശീലനം ലഭിച്ചവരുടെ ലഭ്യത സംസ്ഥാനത്ത് ഉറപ്പാക്കേണ്ടതിനായി കേന്ദ്ര സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന "പ്രധാനമന്ത്രി കൗശൽ വിജ്ഞാൻ യോജന" (PMKVY) എന്ന നൈപുണ്യ വികസന പദ്ധതിയിൽ സംസ്ഥാനത്ത് എല്ലാ ജില്ലകളിലുമായി ഏകദേശം 42,000 യുവതീയുവാക്കൾക്ക് ആധുനിക കൃഷി രീതിയിലും, കാർഷിക യന്ത്രങ്ങൾ പ്രവർത്തിപ്പിക്കുന്നതിലും റിപ്പയർ ചെയ്യുന്നതിലും മറ്റുമായി Friends of Coconut, Solanaceous Crop Grover, Gardener, Tractor Operator, Tractor Mechanic എന്നീ അഞ്ച് വിഷയങ്ങളിൽ പരിശീലനം നൽകുന്നതിന് കെയ്കോയ്ക്ക് National Skill Development Corporation (NSDC)-ന്റെ അംഗീകാരം ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ